# إرشـــاد الأئـــمـــة

تحت إشراف الأمانة عرفة للثقافة والخيرية، نلكزى، ارناكلم، كيرلا
(Arafa Cultural & Charitable Trust, Nellikuzhi, Ernakulam)
للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨
الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥

**തീയതി: 18/05/2018.**

**വിഷയം: " റമളാൻ മഹാ ഭാഗ്യമാണ് "**

يأَيُّهَا الَّذِينَ ءَامَنُواْ كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ﴿بقرة: ١٨٣﴾

➢ വീണ്ടും ഒരു റമളാൻ കൂടി ആഗതമായിരിക്കുകയാണ്. മറ്റൊരു വിധം പറഞ്ഞാൽ ഒരു റമളാനിനെകൂടി വരവേൽക്കാനും പുണ്യ അമലുകൾ ചെയ്യാനും അല്ലാഹു ആയുസ് നൽകിയിരിക്കുകയാണ്. അൽഹംദുലില്ലാഹ്.

നമ്മോടൊപ്പം ഉണ്ടായിരുന്ന കുടുംബക്കാർ, ബന്ധുക്കൾ, കൂട്ടുകാർ, നാട്ടുകാർ പലരും നമ്മോടൊപ്പം ഇന്നില്ല. അവരിൽ പ്രായം കൂടിയവർ, കുറഞ്ഞവർ, കുട്ടികൾ ഒക്കെയുണ്ട്. എന്നാൽ നമുക്ക് അല്ലാഹു റമളാനിൽ വീണ്ടും ഒരുമിച്ചുകൂടാൻ ദീർഘായുസ്സ് നൽകി. അവന്റെ ഔദാര്യമാണ്... നമ്മുടെ ഭാഗ്യവും.

عَنْ عَبْدِ الرَّحْمَنِ بْنِ أَبِي بَكْرَةَ ، عَنْ أَبِيهِ قَالَ رَسُولُ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : خَيْرُ النَّاسِ مَنْ طَالَ عُمْرُهُ وَحَسُنَ عَمَلُهُ ، وَشَرُّ النَّاسِ مَنْ طَالَ عُمْرُهُ وَسَاءَ عَمَلُهُ (ترمذي)

ചരിത്രം: കൂട്ടുകാരായ രണ്ട് സ്വഹാബികളിൽ ഒരാൾ ശഹീദായി. ഒരു വർഷം കഴിഞ്ഞ് രണ്ടാമൻ വഫാത്തായി. ത്വൽഹത്ത് (റ) രണ്ടുപേരെയും സ്വപ്നം കണ്ടപ്പോൾ രണ്ടാമന് വലിയ പദവി ലഭിച്ചതായി കണ്ടു. ഈ ഏറ്റ വ്യത്യാസത്തെ കുറിച്ച് പറഞ്ഞപ്പോൾ നബി(സ്വ) കാരണം പറഞ്ഞത്: ഒരു വർഷത്തെ നോമ്പ്, നിസ്ക്കാരമായിരുന്നു.

قَالَ طَلْحَةُ بْنُ عُبَيْدِ اللَّهِ : فَرَأَيْتُ الْجَنَّةَ ، فَرَأَيْتُ الْمُؤَخَّرَ مِنْهُمَا أُدْخِلَ الْجَنَّةَ قَبْلَ الشَّهِيدِ ، فَتَعَجَّبْتُ لِذَلِكَ ، فَأَصْبَحْتُ فَذَكَرْتُ ذَلِكَ لِلنَّبِيِّ (ص) فَقَالَ رَسُولُ اللَّهِ (ص) أَلَيْسَ قَدْ صَامَ بَعْدَهُ رَمَضَانَ ، وَصَلَّى سِتَّةَ آلَافِ رَكْعَةٍ (أحمد)

ഇവിടെ രക്തസാക്ഷിയെ മറികടക്കാൻ ഒരു റമളാൻ കാരണമായി. ഈ വലിയ ഭാഗ്യമാണ് നമുക്ക് വീണ്ടും കിട്ടിയിരിക്കുന്നത്.

➤ മാത്രവുമല്ല പരലോകത്തിന്റെ മഹാപ്രളയത്തിൽ വെളിച്ചവും രക്ഷയുമാണ് റമളാൻ. ദുൻയാവിൽ നിന്നു ഭിന്നമായി പരലോകം ഭയാനകമാണ്. കാരണം.1) ആ ലോകം അനശ്വരമാണ്. ദുൻയാവിലെ കഷ്ടപ്പാടുകൾ മരണത്തോടെ അവസാനിക്കും. പരലോകത്ത് അങ്ങനെയല്ല.

ثُمَّ لَا يَمُوتُ فِيهَا وَلَا يَحْيَىٰ ﴿اعلي: ١٣﴾

2) ഒരു വിധ സ്വാധീനവും ചെലുത്തി രക്ഷപ്പെടാൻ കഴിയാത്ത ലോകമാണത്.

يَوْمَ لَا يَنفَعُ مَالٌ وَلَا بَنُونَ* إِلَّا مَنْ أَتَى اللَّهَ بِقَلْبٍ سَلِيمٍ ﴿شعراء﴾

مِّن قَبْلِ أَن يَأْتِيَ يَوْمٌ لَّا بَيْعٌ فِيهِ وَلَا خُلَّةٌ وَلَا شَفَاعَةٌ ۗ وَالْكَافِرُونَ هُمُ الظَّالِمُونَ ﴿بقرة: ٢٥٤﴾.

അന്ന് ഓരോരുത്തരും തന്റെ കർമ്മഫലം നേരിൽകാണും.

فَمَن يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُ * وَمَن يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُ ﴿زلزلة: ٧،٨﴾.

അന്ന് നമുക്ക് രക്ഷയുടെ വലിയ കവചം റമളാനാണ്.

عُثْمَانَ بْنِ أَبِي الْعَاصِ عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، قَالَ : الصَّوْمُ جُنَّةٌ مِنَ النَّارِ ، كَجُنَّةِ أَحَدِكُمْ مِنَ الْقِتَالِ (احمد)

മൂസാനബി(അ)യുടെ ചരിത്രം കൂടി ഉദ്ധരിക്കാം.

**إنَّ الله تعالى قَالَ لِمُوسَى (ع): إِنِّي أَعْطَيْتُ أَمَّةَ مُحَمَّدٍ نُورَيْنِ كَيْلاَ تَضُرَّهُمْ ظُلْمَتَانِ. فَقَالَ مُوسَى مَا النُّورَانِ يَا رَبِّى؟ فَقَالَ اللهُ : نُورُ رَمَضَانَ وَنُورُ الْقُرْآنِ، فَقَالَ مُوسَى وَمَا الظُّلْمَتَانِ يَا رَبِّي ؟ فَقَالَ تعالى ظُلْمَةُ الْقَبْرِ وَظُلْمَةُ يَوْمَ الْقِيَامَةِ (ذرة الناصحين)**

3) അതുകൊണ്ടാണ് മറ്റൊരു അമലിനെക്കുറിച്ചും പറയാത്ത പ്രഖ്യാപനം നോമ്പിനെ കുറിച്ച് പറഞ്ഞത്.

**عن أبي هُرَيْرَةَ رَضِيَ اللَّهُ عَنْهُ يَقُولُ قَالَ رَسُولُ اللَّهِ (ص) قَالَ اللَّهُ كُلُّ عَمَلِ ابْنِ آدَمَ لَهُ إِلَّا الصِّيَامَ فَإِنَّهُ لِي وَأَنَا أَجْزِي بِهِ (متفق عليه)**

➢ അതുകൊണ്ട് രണ്ട കാര്യങ്ങളാണ് നാം ശ്രദ്ധിക്കേണ്ടത്. ഒന്ന്: സാധ്യമായ അമലുകൾ പരമാവധി പൂർത്തിയാക്കുക.

തറാവീഹ്, സുന്നത്തുകൾ, ജമാഅത്ത് നിസ്ക്കാരം, ഖുർആൻ പാരായണം, നോമ്പുതുറ, മാതാപിതാക്കളെ സന്തോഷിപ്പിക്കൽ, കുടുംബബന്ധം ചേർക്കൽ... ഒന്നിന 70 ഇരട്ടി പ്രതിഭലം ലഭിക്കുന്ന മാസം.

➢ രണ്ട്: റമളാന്റെ പുണ്യങ്ങൾ നഷ്ടപ്പെടുത്തുന്ന തിന്മകളിൽ നിന്ന് വിട്ടുനിൽക്കുക.

കർമ്മങ്ങൽ ചെയ്യുന്നതിനേക്കാൾ പ്രധാനം തിന്മയുടെ വിപാടനമാണ്.

**قَالَ عَلِيُّ بْنُ أَبِي طَالِبٍ : " كُونُوا لِقُبُولِ الْعَمَلِ أَشَدَّ هَمًّا مِنْكُمْ بِالْعَمَلِ أَلَمْ تَسْمَعُوا اللَّهَ يَقُولُ : إِنَّمَا يَتَقَبَّلُ اللَّهُ مِنَ الْمُتَّقِينَ سورة المائدة آية ٢٧ (لابن أبي الدنيا)**

**وَسُئِلَ الْإِمَامُ أَحْمَدُ عَنْ مَعْنَى "الْمُتَّقِينَ " فِيهَا، فَقَالَ: يَتَّقِي الْأَشْيَاءَ، فَلَا يَقَعُ فِيمَا لَا يَحِلُّ لَهُ (تفسير ابن رجب)**

ആദം നബി(അ) യുടെ മക്കളിൽ ഒരാളെക്കുറിച്ചാണ് ആയത്തിലെ പരാമർശം. അസൂയ ഉൾപ്പെടെയുള്ള തിന്മകൾ കാരണം അയാളിൽ നിന്ന് ഖുർബാൻ സ്വീകരിക്കപ്പെട്ടില്ല.

إِذْ قَرَّبَا قُرْبَانًا فَتُقُبِّلَ مِنْ أَحَدِهِمَا وَلَمْ يُتَقَبَّلْ مِنَ الْآخَرِ قَالَ لَأَقْتُلَنَّكَ ۖ قَالَ إِنَّمَا يَتَقَبَّلُ اللَّهُ مِنَ الْمُتَّقِينَ

ഇതാണ് നമ്മുടെയും അവസ്ഥ. നോമ്പ് പിടിച്ചുകൊണ്ട് പരദൂഷണം പറഞ്ഞ സ്ത്രീകളുടെ ചരിത്രം നമുക്ക് പാഠമാകണം.

عَنْ أَنَسٍ ، أَنّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ " أَمَرَ النَّاسَ أَنْ يَصُومُوا يَوْمًا ...حَتَّى جَاءَ رَجُلٌ ، فَقَالَ : يَا رَسُولَ اللَّهِ ، إِنَّ فَتَاتَيْنِ مِنْ أَهْلِكَ ظَلَّتَا مُنْذُ الْيَوْمِ صَائِمَتَيْنِ ، فَأْذَنْ لَهُمَا فَلْيُفْطِرَا ، فَأَعْرَضَ عَنْهُ ، ثُمَّ أَعَادَ عَلَيْهِ ، فَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَا صَامَتَا ، وَكَيْفَ صَامَ مَنْ ظَلَّ يَأْكُلُ لُحُومَ النَّاسِ ، اذْهَبْ فَمُرْهُمَا أَنْ كَانَتَا صَائِمَتَيْنِ أَنْ يَسْتَقِيئَا ، فَفَعَلَتَا ، فَقَاءَتْ كُلُّ وَاحِدَةٍ مِنْهُمَا عَلَقَةً (مسند أبي داود)

അതുകൊ ് നോമ്പും മറ്റ് ഇബാദത്തുകളും നഷ്ടമാകാതെ നമ്മുടെ അവയവങ്ങളെ സൂക്ഷിക്കുക. തിന്മകളിൽ നിന്ന് പൂർണ്ണമായും വിട്ടുനിൽക്കുക.
ഇതാണ് നോമ്പിന്റെ ലക്ഷ്യം.

يَأَيُّهَا الَّذِينَ ءَامَنُواْ كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ﴿بقرة: ١٨٣﴾

∆ ∆ ∆